(സി)

* തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ക്വാളിറ്റി സ്റ്റാൻഡേർഡ്സ് നടപ്പിലാക്കി
* ആശുപത്രി ജീവനക്കാർക്ക് പരിശീലനം നൽകി
* അണുബാധ നിയന്ത്രിക്കുന്നതിനായി പദ്ധതി നടപ്പിലാക്കി
* എല്ലാ ഗവൺമെന്റ് ആശുപത്രികൾക്കും സിസ്പോസിബിൾ ഡെലിവറി കിറ്റ് നൽകി
* പുതുക്കിയ ലേബർ റൂം രജിസ്റ്റർ നൽകി.

(ഡി) ഇപ്പോൾ നടപ്പിലാക്കിവരുന്ന മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതി കൂടുതൽ ആശുപത്രികളിൽ നടപ്പാക്കുന്നതാണ്. ആശുപത്രി ജീവനക്കാർക്ക് പരിശീലനം നൽകും. അണുബാധ നിയന്ത്രിക്കുന്നതിനായുള്ള പദ്ധതി എല്ലാ ആശുപത്രികളിലും നടപ്പാക്കുന്നതാണ്.

## ഏകീകൃത പൊതുജനാരോഗ്യ നിയമം

6 (2291) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമത്തിന്റെ ആവശ്യകത സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ ; കണ്ടെത്തലുകൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത നിയമത്തിന്റെ അപര്യാപ്തതമൂലം വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആരോഗ്യ-ഭക്ഷ്യ-പോലീസ് വകുപ്പുകളുടെ സേവനങ്ങൾ വ്യക്തമായി നിഷ്കർഷിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ഇല്ലെങ്കിൽ ബദൽസംവിധാനം എന്താണെന്ന് വിശദമാക്കാമോ ?

## ഉത്തരം

(എ-ഡി) പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നത് തടയുന്നതിന് നിലവിലെ 1955-ലെ തിരുകൊച്ചി പൊതുജനാരോഗ്യ നിയമവും 1939-ലെ മദ്രാസ് പൊതുജനാരോഗ്യ നിയമവും ഫലപ്രദമാണ്. എന്നാൽ ഈ നിയമങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ നിയമങ്ങൾ ഏകീകരിച്ച് സംസ്ഥാനത്തിന് പൊതുവായ ഒരു പൊതുജനാരോഗ്യ നിയമം പാസാക്കുന്നതിനുള്ള കരട് സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നിലവിലില്ലാത്തതുമൂലം വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly